ഉത്തരം

(എ) സംസ്ഥാനത്ത് 12 പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ തസ്തികകൾ സൃഷ്ടിക്കുന്നതിനും 13-7-2015-ലെ സ.ഉ.(കൈ)നമ്പർ20/2015/ഭ.പൊ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പുതിയ താലൂക്കുകളിൽ സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ജീവനക്കാരുടെ പുനർവിന്യാസം തുടങ്ങിയ കാര്യങ്ങൾ പ്രാരംഭദിശയിലാണ്. ടി കാര്യങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കുമാത്രമേ പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കുകയുള്ളൂ.

പുതിയ മാവേലി സ്റ്റോറുകൾ

170 (5255) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്.

(ബി) കേരളത്തിൽ ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 45 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ 45 പഞ്ചായത്തുകളിൽക്കൂടി

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനായി ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. ഇതുപ്രകാരം കേരളത്തിലെ എല്ലാ സാധാരണ ജനങ്ങൾക്കും പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നൽകുന്നതിനും അതുവഴി പൊതുവിപണിയിലെ വില വർദ്ധനവ് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നുണ്ട്.

(സി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും സെക്രട്ടറിമാർക്കും ഈ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സപ്ലൈകോ ഹെഡ് ഓഫീസിൽനിന്നും നേരിട്ട് നൽകിയതിനുപുറമെ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതിന് സപ്ലൈകോയുടെ 5 റീജിയണൽ മാനേജർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും സ്റ്റോർ ആരംഭിക്കുന്നതിന് സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർക്കും ബന്ധപ്പെട്ട എം.എൽ.എ.മാർക്കും വകുപ്പുമന്ത്രി എന്ന നിലയിൽ നേരിട്ട് കത്ത് അയച്ചിട്ടുമുണ്ട്.

ഹോട്ടൽ ഭക്ഷണത്തിന്റെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കൽ

171 (5256) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ വിലവിവരം രേഖപ്പെടുത്തി പരസ്യപ്പെടുത്താത്ത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; എങ്കിൽ ഇത്തരം ഒരു പട്ടിക എല്ലാ ഹോട്ടലുകളിലും പ്രദർശിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഹോട്ടലുകളിൽ വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി സിവിൽസപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ് വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ കേരള ഫുഡ് സ്റ്റാഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly